(ബി) ഉണ്ട്.

(സി) പ്രശ്ന പരിഹാരത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ (എ) യുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങളുടെ കണക്ക്

64 (956) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങളെ സംബന്ധിച്ച കണക്ക് സർക്കാർ എടുത്തിട്ടുണ്ടോ ;

(ബി) കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(സി) കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിലെ ജലവിതരണത്തിലെ ആവശ്യകതയും വിതരണവും തമ്മിലുള്ള വിടവ് എത്രയാണെന്നത് സംബന്ധിച്ച് വിശദീകരിക്കാമോ ;

(ഡി) സംസ്ഥാനത്തെ മൊത്തം കുടുംബങ്ങളിൽ ഗാർഹിക പൈപ്പു കണക്ഷനുകൾ നൽകിയിട്ടുള്ള കുടുംബങ്ങൾ എത്രശതമാനമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങളെ സംബന്ധിച്ച് 1980-ൽ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. പിന്നീട് കേന്ദ്ര സർക്കാരിന്റെ രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷൻ രൂപീകരിച്ചതിനുശേഷം 1991-ൽ ഒരു സർവ്വേ നടത്തുകയുണ്ടായി. അതിൻപ്രകാരം ഇനിയും 228 വാർഡുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കേണ്ടതായിട്ടുണ്ട്.

(സി) ഇപ്പോഴുള്ള കണക്കുപ്രകാരം നഗരങ്ങളിലെ ജനങ്ങൾക്ക് ഉദ്ദേശം 2057 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ ആവശ്യമുണ്ട്. എന്നാൽ 1140 ദശലക്ഷം വെള്ളം മാത്രമേ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളു. വിടവ് 45% ആണ്.

(ഡി) 13.2 ശതമാനം.

കുറ്റ്യാടി അണക്കെട്ടിന്റെ പുനരധിവാസ പദ്ധതിക്കുവേണ്ടി ലോകബാങ്കിന്റെ ധനസഹായം

65 (957) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി അണക്കെട്ടിന്റെ പുനരധിവാസ പദ്ധതിക്കുവേണ്ടി ലോകബാങ്കിന്റെ ധനസഹായത്തിന് അപേക്ഷ നൽകിയതിന്റെ തുടർ നടപടികൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പുനരധിവാസ പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയും ലഭിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഡാം സേഫ്ടി അഷ്വറൻസ് ആന്റ് റിഹാബിലിറ്റേഷൻ പ്രോജക്ടിന്റെ (ഡി. എസ്. എ. ആർ. പി.) രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്കിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുവേണ്ടി ജലസേചന വകുപ്പിന്റെ കീഴിലുള്ള 13 അണക്കെട്ടുകൾക്ക് മൊത്തം 33.35 കോടി രൂപയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ 19-1-2000-ൽ കേന്ദ്ര ജലവിഭവവകുപ്പിന് സംസ്ഥാന സർക്കാർ അയച്ചുകൊടുത്തിരുന്നു. ഇതു സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന്റെ 14.49 കോടി രൂപയ്ക്കുള്ള ധനസഹായ നിർദ്ദേശങ്ങൾ 5-4-2000-ൽ സെൻട്രൽ വാട്ടർ കമ്മീഷനും നൽകിയിരുന്നു. പിന്നീട്, സെൻട്രൽ വാട്ടർ കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് ജലസേചന വകുപ്പിന്റെ 33.35 കോടി രൂപയുടേയും വൈദ്യുതി ബോർഡിന്റെ പുതുക്കിയ 28.17 കോടി രൂപയുടെയും നിർദ്ദേശങ്ങൾ സംയുക്തമായി 12-12-2000-ൽ സെൻട്രൽ വാട്ടർ കമ്മീഷന് അയച്ചുകൊടുത്തിട്ടുണ്ട്.

12-12-2000-ൽ അയച്ച പദ്ധതി നിർദ്ദേശപ്രകാരം ജലസേചന വകുപ്പിന്റെ പദ്ധതി നിർദ്ദേശങ്ങളിൽ കുറ്റ്യാടി ജലസേചന പദ്ധതിക്ക് 8.9 കോടി രൂപയും വൈദ്യുതി ബോർഡിന്റെ പദ്ധതി നിർദ്ദേശങ്ങളിൽ കുറ്റ്യാടി ഡാം, കുറ്റ്യാടി ഓഗ് മെന്റേഷൻ ആന്റ് സാഡിൽ ഡാം എന്നിവയ്ക്ക് മൊത്തം 7.15 കോടി രൂപയുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഡി. എസ്. എ. ആർ. പി. രണ്ടാംഘട്ട പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ ലോകബാങ്കിന് അയച്ചുകൊടുത്തിട്ടുണ്ടെന്നും ഇക്കാര്യം ലോകബാങ്കിന്റെ പരിഗണനയിലാണെന്നും 2000 ജൂലൈയിൽ സെൻട്രൽ വാട്ടർ കമ്മീഷൻ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു.

ലോകബാങ്ക് ധനസഹായം ലഭിക്കുന്നതിനുള്ള മുൻ ഉപാധികളായി സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ച ഡാം സേഫ്ടി ഓർഗനൈസേഷൻ, ഡാം സേഫ്ടി കമ്മിറ്റി, ഡാം സേഫ്ടി റിവ്യൂ പാനൽ എന്നിവയുടെ രൂപവൽക്കരണം സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ 31-10-2000-ലെ (എം. എസ്.) 75/2000/ജലസേചന.വ.നമ്പർ ഉത്തരവിൽ പുറപ്പെടവിച്ചിട്ടുണ്ട്.

പദ്ധതി നിർദ്ദേശങ്ങൾ ലോകബാങ്ക് അംഗീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(സി) പദ്ധതി നിർദ്ദേശങ്ങൾ ലോകബാങ്ക് അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ചാൽ, തുടർ നടപടികളെപ്പറ്റി തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly